(ബി) ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പേട്ട ഗവൺമെന്റ് ഹൈസ്കൂളിൽ പ്രവർത്തിക്കുന്ന ഐ.എച്ച്.ആർ.ഡി.-ക്ക് കെട്ടിടം നിർമ്മിച്ചില്ലെങ്കിൽ, യൂണിവേഴ്സിറ്റി അംഗീകാരം നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിന് അവിടെത്തന്നെ സ്ഥലം അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 25-5-2009-ൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ഓഫീസിൽവച്ച് കൂടിയ യോഗത്തിൽ കാഞ്ഞിരപ്പള്ളി ഐ.എച്ച്.ആർ.ഡി. കോളേജിന് പ്രവർത്തിക്കുവാനായി പേട്ട ഗവൺമെന്റ് ഹൈസ്കൂൾ സ്ഥിതി ചെയ്യുന്ന ഭൂമിയിൽ നിന്നും 1.8 ഏക്കർ സ്ഥലം ഐ.എച്ച്.ആർ.ഡി.-യ്ക്ക് 30 വർഷത്തേക്ക് പാട്ടത്തിന് നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത യോഗത്തിന്റെ മിനിട്സ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) സ്ഥലം എം.എൽ.എ., ത്രിതല പഞ്ചായത്ത് അധികൃതർ എന്നിവരുമായി ചർച്ച ചെയ്ത് ഇക്കാര്യത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ക്യാമ്പസുകളിലെ ആഘോഷങ്ങൾ നിമിത്തമുണ്ടാകുന്ന അപകടങ്ങൾ

40 (2587) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ക്യാമ്പസുകളിലെ ആഘോഷങ്ങൾ പലപ്പോഴും അപകടങ്ങൾക്ക് നിമിത്തമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ?

ഉത്തരം

ഉണ്ട്. ക്യാമ്പസുകളിലെ ആഘോഷങ്ങൾ നിയന്ത്രിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ വകുപ്പിൽനിന്നും 26483/GI/15/ഉ.വി.വ. തീയതി 12-10-2015 നമ്പർ പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.* ഇത് എല്ലാ സ്ഥാപന മേധാവികൾക്കും അയച്ചുകൊടുക്കുകയും ആയതിലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുവാൻ കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly